# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1812 11.02.2013 ലെ മറുപടിക്ക്

## പഞ്ചായത്തു വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

**ചോദ്യം**

ശ്രീ. റ്റി. വി. രാജേഷ് :

പഞ്ചായത്തുവകുപ്പിൽ പുതുതായി ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**ഉത്തരം**

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി )

പഞ്ചായത്തു വകുപ്പിൽ ക്ലാർക്കുമാരുടെ 990 തസ്തികകളും അസിസ്റ്റന്റ് സെക്രട്ടറിമാരുടെ 864 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. സെൻ കമ്മിറ്റി ശിപാർശ പ്രകാരം പല വകുപ്പുകളിൽ നിന്നായി പഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യാസം ചെയ്ത 990 ക്ലാർക്കുമാരുടെ തസ്തികകൾ സൂപ്പർ ന്യൂമററിമായി അതാത് വകുപ്പുകളിൽ നിലനിറുത്തിക്കൊണ്ടാണ് പഞ്ചായത്ത് വകുപ്പിൽ പുതിയതായി 990 ക്ലാർക്കുമാരുടെ തസ്തികകൾ സൃഷ്ടിച്ചത്. സാമ്പത്തിക നില മെച്ചപ്പെട്ട 864 ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ടിന് സമാനമായ 16180-29180 രൂപ ശമ്പള നിരക്കിൽ ഓരോ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. (07.02.2013 ലെ സഉ(എം.എസ്)നമ്പർ 51/2013/ തസ്വഭവയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) കൂടാതെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ 529 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 203 |
| ഒന്നാം ഗ്രേഡ് ഓവർസീയർ | 50 |
| രണ്ടാം ഗ്രേഡ് ഓവർസീയർ | 26 |
| മൂന്നാം ഗ്രേഡ് ഓവർസീയർ | 185 |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഗ്രാമ പഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലാർക്കുമാരുടെ തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(എം.എസ്)നം. 51/2013/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 07/02/2013.**

---

പരാമർശം:- 1) സഉ(സാധാ) നമ്പർ 1201/2012/തസ്വഭവ തീയതി 26.04.2012.
2) പഞ്ചായത്ത് ഡയറക്ടറുടെ 25.06.2012, 03.11.2012 എന്നീ തീയതികളിലെ E-8/144/76/2012 നമ്പർ കത്തുകൾ.

### ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിൽ അർപ്പിതമായ അധിക ചുമതലകൾ നിർവ്വഹിക്കുന്നതിന് കൂടുതൽ ജീവനക്കാർ ആവശ്യമായി വന്ന പശ്ചാത്തലത്തിൽ ശാസ്ത്രീയമായ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന് 9-ാം സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഈ വിഷയം പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് നിയോഗിച്ച രണ്ടംഗ സമിതി (പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ) സർക്കാരിൽ സമർപ്പിച്ച പഠന റിപ്പോർട്ടിൻമേൽ ശുപാർശകൾ സമർപ്പിക്കുന്നതിനായി 26.04.2012 ൽ ഒരു ആറംഗസമിതിയെ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ) സർക്കാർ ചുമതലപ്പെടുത്തി.

ഗ്രാമ പഞ്ചായത്തുകളിൽ ഇപ്പോഴും 1982 ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. 1994 ൽ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ ഗ്രാമ പഞ്ചായത്തുകളിൽ അധികാര വികേന്ദ്രീകരണം, തൊഴിലുറപ്പ് പദ്ധതി, ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകളുടെ നടത്തിപ്പ്, ഗ്രാമ സഭാ യോഗങ്ങൾ, കെട്ടിട നിർമ്മാണ അനുമതി നൽകൽ, ഡിമാന്റുകളുടെ എണ്ണത്തിലുള്ള വർദ്ധന, പഞ്ചായത്തുകളിലൂടെ വിനിമയം നടത്തുന്ന തുകയിലെ വർദ്ധനവ്, ആഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ, വ്യവഹാരങ്ങളുടെ ബാഹുല്യം, അപേക്ഷകളും പരാതികളും സ്വീകരിക്കൽ, രജിസ്റ്ററുകൾ തയ്യാറാക്കൽ, ഫീൽഡ് ജോലികൾ എന്നിവ കാരണം ജോലി ഭാരത്തിൽ വൻ വർദ്ധനയുണ്ടായി. എന്നാൽ ഒരു എൽ.ഡി.ക്ലാർക്ക് തസ്തിക മാത്രമാണ് ഗ്രാമ പഞ്ചായത്തുകളിൽ 1982 ന് ശേഷം അധികമായി അനുവദിച്ചത്. അതിനാൽ ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കേണ്ടതുണ്ട് എന്ന് സമിതി വിലയിരുത്തുകയും, പഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള തസ്തികകൾ ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് അനിവാര്യമാണെന്നും കണ്ടതിനാൽ പഠന റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കാൻ സമിതി തീരുമാനിച്ചു.

പ്രാരംഭഘട്ടമെന്ന നിലയിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട ശുപാർശകൾ വിശദമായി പരിശോധിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിക്കുകയും അപ്രകാരം പരാമർശം 2 പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സെൻ കമ്മിറ്റി ശുപാർശ പ്രകാരം പല വകുപ്പുകളിൽ നിന്നായി 1302 ക്ലാർക്കുമാരെ റീ ഡിപ്ലോയ്മെന്റ് ചെയ്തതിൽ 990 എൽ.ഡി. ക്ലാർക്കുമാരുടെ തസ്തിക പഞ്ചായത്തുവകുപ്പിൽ പുതുതായി സൃഷ്ടിച്ചുകൊണ്ടും അത്രയും തസ്തികകൾ മറ്റ് വകുപ്പുകളിൽ സൂപ്പർ ന്യൂമററിയായി നില നിർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. 990 ക്ലാർക്കുമാരുടെ തസ്തികകൾ ഏതൊക്കെ വകുപ്പുകളിൽ ആണ് സൂപ്പർ ന്യൂമററിയായി നില നിർത്തേണ്ടത് എന്നത് സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

കേരളത്തിലെ സാമ്പത്തിക നില മെച്ചപ്പെട്ട 864 ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ടിന്റിന് (16180-29180/- രൂപ ശമ്പള നിരക്കിൽ) സമാനമായ ഓരോ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

നിശ്ചയിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പഞ്ചായത്ത് ഡയറക്ടർ രണ്ടാഴ്ചയ്ക്കകം ഇത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. പുതുതായി സൃഷ്ടിക്കപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിൽ സീനിയർമോസ്റ്റ് ഹെഡ്ക്ലാർക്ക് / അക്കൗണ്ടന്റ് തസ്തികകളിൽ നിന്നും പ്രൊമോഷൻ വഴിയും / നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാരേയോ നിയമിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**വി.എസ്. സെന്തിൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരള, തൃശ്ശൂർ / തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ),കേരള.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്.(01.01.2013 ലെ 103172/ഡെവ1/2012/ധന പ്രകാരം)
ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

True Copy